I must have been moving around the compartment for 15-20 minutes only, but it felt like an eternity to me. Atlast the train stopped and I got down. I was walking around dazed when I saw him. A familiar face in this sea of foreign ones, that of "bad" guy. He was easily recognizable even in such crowds, thanks to his tall stature and unique face. He seemed to be scanning the crowd for someone and then he saw me. He began to advance quickly towards me I was quite shocked and stood immobile. He reached me fast and caught my arm. I only felt a pull and the crowd seemed to be giving way to me. I don't remember anything until I was pushed into my seat by a strong, reassuring hand. The first thing I noticed on coming back to my senses was that, I was shaking uncontrollably and the "bad" guy was holding a bottle of chilled water towards me. Throwing the cautions of my mother regarding strangers to wind, I took the bottle and drank copious amounts. Now the people around me started asking me where I was, what I was doing etc. but still the "bad" guy kept on looking at me in a concerned manner.

And then it dawned upon me when I had failed to turn up in my seat everyone around me had become concerned but it was the "bad" guy who had gone from compartment to compartment making enquiries and searching for me and had eventually come upon me by pure chance. I was dumb founded and failed to think of an apt reply. The person whom I considered the "bad" guy had actually saved me. It was then that I learnt an important lesson in life, which since I have practiced and still cherish-Never judge a book by its cover or a person by his looks. One may actually be more worthy than his looks suggest or perhaps less. But to judge one person on the basis of his appearance is the greatest folly one can do while dealing with strangers. So friends follow this golden rule in life so that you may not get caught on the wrong foot in case you happen to encounter a similar situation. For if not for the stranger ie "bad" guy I would have been.......

# Hallucinations

4192, Vishnu K Vijayan, X, 15 Yrs

Why...the trees are like this?
Why...the skies are like this?
Why...the grounds are like this?
Why...the world is like this?

How could I see the ground over sky?
How could I see the root over shoot?
How could I feel the hell over heaven?
How could I feel my heel over head?

For all this to be...
Something must go wrong.
Is that the Gigantic Universe?
Or the fellow - Me?

I say I'm not wrong.
I'm erect and its' the world,
Which has gone up foot
In this world of sin - I'm the right man.

I can't walk and I can't stand
I can't go anywhere
Aye! What might have happened?
AmI...amI...amI upside down.

The trees say it's their fault.
The skies say, it's their fault.
The grounds say, its their fault.
But I say its other's fault.

But now, there is the sound from immortal.
The trees, the skies, the grounds, the waters
All are upright and they will go on as so
But its I who has changed and may change.

Suddenly, the wind of light came.
It has made the world......
No..."Me", erect.
Now the screen of pride has been moved by light.

Friends, it's through self-understanding
That you can be upright
If not, you'll land up in chair, in
Murga or a vice - versa 'Bend position'.

# A Truth

3758, Adil Shirazi, XI, 16 Yrs

Here is a story that I've said to none for it was highly embarrassing for me in many ways. I may have boasted about this to my friends and therefore it may come as a shock to them. So friends, please, brace yourself.

First, let me come down to a basic fact. I'm not a frequent flyer, in the sense I did not enter a plane until I was 10 years old.

Next, I'm afraid of height. I mean really afraid. If I'm somewhere I need solid ground underneath my feet in order to feel secure. So whatever deeds I've done in this regard was the product of a false sense of bravado.

To speak the truth, I feel totally and completely at loss when I'm alone. Needless to say, this has been a well-kept secret. Further more I'm jumpy at the smallest of the situation. But I've been able to completely supress this certain trait of mine. Thus all in all I was a guy who would say he had rode a roller coaster but in reality would never step in to it for just the sake of fun.

So here I was in the school with all these short falls. A ten year old kid without a zest for boldness. This was when I was bowled an Akram yorker in the form of the news that I was to undertake a lonely journey by flight to join my parents for vacation. The first part didn't jitter me but the rest had me hung by my legs. I had really expected one of my parents or at least a relative to be with me. But this was not so.

From that day on my preparations for the D-Day started. Discreetly! It was not the packing but the mental preparation, which I'm talking of. My relatives had to tolerate my question volley to which few consoled and few fuelled the fire of fear.

Atlast on the D-Day, charged up like a nakie soldier I set out for my war field the airport or to be precise, the plane. The security checks the immigration checks went on smoothly though prolonged. So all I had to endure was the journey. The plane even though being cozy felt like a coffin. And when the smilingly beautiful air hostesses shut the aircraft door I felt like a man alive in a coffin feeling the

coroner drive the last nail into my coffin. I held on to my seat like a baby clutching at its mother. The plane started to roll on the runway like an F1 car. I was just wondering how claustrophic schumacher would feel whenI felt some known force clutch and drag my stomach I knew we were airborne. But once airborne all was smooth as silk and surprisingly I had no fear anymore. It went just as it came.

Now I have the great opportunity to reflect over the incident sometime leading me to a embarrassingly laughing fit. Now I have realized fears are nothing for I was a victim of my own fears. I feared the dark, the loneliness, all silly things why? I don't know even now. But one thing is sure, a time will come when one has to face up to his fears and that will decide who and what your are. There is no reason that one has to put up a false shell of bravery around him to shadow his fears. All you have to do is declare it to the world be honest and tell it to the people it matters your parents.



# Not Like India

4253, Vimal Thomas, VII, 12 Yrs



There are animals but,
Not like tiger.
There are birds but,
Not like peacock.
There are flowers but,
Not like lotus.

There are flags but,
Not like tricolour.
There are places but,
Not like Kerala.
There are monuments but,
Not like Taj Mahal.

There are leaders but,
Not like Gandhiji.
There are countries but,
Not like India.

# Vertical Limits

4248, Vaisakh T. Dharan, X, 15 Yrs



It was the happiest moment in my life when I lifted my school flag along with the national flag (6183m) above the sea level along with the superb 16-member mounteering team from different parts of our country.

The camp conducted by All India Sainik School Society has given me a wide-open experience in my life. I was a member of the team who travelled from extreme south of our country to the extreme north and attended the camp. This itself was a thrilling experience. My travel through different states, interaction with different people, experiencing their rich culture styled my journey through out.

After the long journey from Kerala reaching Delhi I joined the other members of the camp at Sainik School, Kunjipura. All members who participated in the camp were from different Sainik Schools and this itself equalled the camp to a level of Republic Day Camp. We, the members from various states were able to interact and exchange our ideas with each other. From Sainik School Kunjipura, we were taken to Chandigarh Air Force Station and from there we were air lifted to Leh. We had our fruitful journey from chandigarh to Leh in IL-76. It was my first and the best experience I have ever experienced in my life. After the 45 min journey we landed in Leh. "The Land of Celebrations''. It looked like




After a long distance trekking of 8 kms by afternoon we reached our main base camp at a height of about 4900 m above the sea level. The snow covered base camp lowered its temperature to about 20°c. Our body strived to adjust to it. For the next two days we stayed in the base camp. The days we understood mental toughness, dedication, optimistic attitude, teamwork,

a different world. It was the time when my eyes witnessed the rich varied culture of extreme north. In Leh we had rest to acclimatize. These days we had a little bit of shaping around Leh city.

After the two days rest we set from Leh. First we had a journey to stok village. It was about 20kms away from Leh. There we saw the rural life style of village people. My eyes wondered on the life style of those mountain people who came across. From there we had a long distance trekking of about 12 kms carrying the heavy kit of mountaineering equipments along with the packed lunch provided to us. To the end of the day we started experiencing the white peals of ice falling on us. After 12 kms journey we had reached the first base camp. There we stayed for the night. Next day morning we continued our journey passing through the frozen floors of mountain. Again,

and co-operation will only put us up to our destination. On the first day we were introduced to the equipments and their uses. On the next day we were given practice for passing the glaciers using ropes and other equipments.

On the next day early morning by 2AM we started our ultimate journey. The other trainers and we 32 cadets were in full Josh. After a long journey by 4 AM we felt the sun's light falling on us. By 6'o clock when ice started melting due to sun's heat it seemed to feel difficult. This made many of us lose hope and only 16 were able to put up. However by 8'o clock after a long battle with snow and ice we reached our ultimate destination. 'The Stok Kangri Peak' at a height above 20,000ft. I felt proud in raising my school's name up above on the peak to the real Vertical limit.

# A little while ago

3951, Jerin Antony, XII, 17 Yrs

Standing aloft on the mountain,
With the world beneath my feet,
My head high, I forget
The difficulty I had in climbing it,
A little while ago.

Tasting the eversweet honey,
Its hunger satisfied fully,
Buzzing a song, the bee forgets
The time it took in preparing it,
A little while ago...

Nestling happily in the warmth,
Of the nest it skilfully built,
Chirping aloud, the bird forgets
The effort it put in building it,
A little while ago...

Adorned with medals on his chest,
With words of praise all around him,
Smiling proudly, the soldier forgets
The tension he faced at the border,
A little while ago...

Cradling the baby in her arms,
With tears of happiness in her eyes,
Her face shining, the mother forgets
The pain she inferred for the child,
A little while ago..

# Wow, What a life!!

3951, Jerein Antony, XII, 17 Yrs

When you look at the clock and suddenly realize that there are only a few hours left, each tick of its needle echo in your ears horrifyingly loud..., when suddenly your eyes gets filled up and the tears drawn all your sweet memories and bitter experiences...when the dark clouds of the beckoning fetter loom threateningly closer and you are painstakingly at a loss....

Silently the truth dawns on you that the above mentioned emotions are the results of a hurt and trembling mind unable to digest the truth that the gates of a great institution will be shut behind you tomorrow. Never again will you be able to own down its corridor play in the rain or devour the food in the mess together with your buddies.

Suddenly you realise that the entire burden of the world is on your shoulders, gloomy and insecure without the protection of the masters who would take your hands in theirs and guide you. You are the role ray of hope of a family depending entirely on you, their expectation about you higher than the stars in the sky.

The dreaded day you rued to come has finally arrived when you pass out from the portals of this institution to take on the dark force of life with its troubles and woes. But in your dream and in your thoughts, will lie the pleasant reminiscences of a proud institution, with all its splendor and majesty, with all its scenic beauty, with all it drill discipline, and with all its dedicated masters.

What else can I say about my sojourn in this school other than, "Wow! What a life!

# Ain't that cool...?

3599, Ajay Jayakrishnan, XII, 17 Yrs

Hey, let me ask you what's been the coolest thing that has ever happened to you in life? Your new car? Your little sister..? or your not-so- steady girl friend? well, well, well, you ask me and I say, it's the school, the school and only the school. Because, Sainik School is really cool.

....! Lets' see why you all may say that waking up at 5.30 in the morn isn't cool at all, But the truth is if you don't get up at that time, you are gonna be kicked for coming late for the parade! Now, if you do wake up, you save the kick! Ain't that cool?

The physical training makes the difference between a kazak and a Loyolite or St.Thomas student for that matter, because you tell the latter to run 4 km at a stretch, and he'd probably end up in a stretcher! Don't you wanna be ahead of the pack? Sure, baby. Now, ain't that cool?

And, of course the classes. Classes are the most popular word after Coke and Raju in any school. Let me ask you, do you wanna be in a class where you can share jokes of a higher standard(of course referring to girls, who share silly jokes) and still be listening to your Maths period or like Raju enjoying (or rather pretend)stupidest of jokes in the midst of the fairer sex? If you prefer the former, don't worry you are already in place. But if you choose the latter then dear pal you gotta seek admission in one of those co-ed schools and end up like Raju. Ain't classes in Sainik school cool?

Luckily, Sainik school is deprived of foodaholics. A balanced diet with all your favourite dishes but without the Midas touch of your mom, of course what more could you ask for? I'm damn sure it's far better than the diets that parents, inflict upon kids else where with scientific eating patterns and still manage to get his, weight hang around 80-90 big

kilograms like Raju! So, whatcha thinking? Bunking to C'vila for food? Think again, man!

You give a basket ball to a Kazak and ask, 'can you play basketball'? He'll show you you can even play football with that other than basket ball! Interesting, huh? Repeat the same with an outsider student and hear him say, 'Yah, I know LA Lakers tops the charts in NBA, Jason kidd is moving over to San Antonio Spurs, and basket ball ring measures 0.5 m in diameter. But eh...excuse me, what do I do with this thing?

'Past.....Ain't that very cool?

Finally, the time has arrived, For every Kazak to rediscover themselves of their full potential and bring back the lost glory. This piece of rubbish may not do much in that process, but a little inspiration does not do much damage. So, one thing is clear. Miles separate kazaks and boys like Raju. What Raju doesn't have is the institution to mould him to a fine young man of calibre. As before cursing the authorities, Kazaks rethink how cool, sainik school really is. Raju may not understand it all the way. But by the way does anybody know who the **** is Raju?



# ഈശ്വരനെ തേടി

ജയേഷ്. ജി
3585, XI A, ശിവജി ഹൗസ്

ഈശ്വരനെ തേടി ഞാൻ നടന്നു
കാട്ടിലും കടലിലും മേട്ടിലും ഞാൻ തിരഞ്ഞു
അവിടെയുമില്ല ഇവിടെയുമില്ലീശ്വരൻ
വിജനമാമീ മരുവിലുമില്ല ഈശ്വരൻ
എവിടെയാണീശ്വരന്റെ കാൽപ്പാടുകൾ?
മണ്ണായമണ്ണൊക്കെ തേടി ഞാൻ, കണ്ടില്ല.
എവിടെയാണീശ്വര സുന്ദരാനനം?
വിണ്ണായ വിണ്ണൊക്കെ തേടി ഞാൻ, കണ്ടില്ല.
കണ്ടില്ല, കണ്ടില്ലയെന്നോതി ഓതി
കാനനച്ചോല കുലുങ്ങി ഓടി
കാണില്ല കാണില്ലെന്നോതിയോതി
കിളിയായ കിളിയൊക്കെ പറന്നുപോയി
ഓടിത്തളർന്നു ഞാൻ കുഴഞ്ഞു വീണു
എന്നിലെ എന്നിലേക്കുറ്റു നോക്കി.
ഉൾക്കണ്ണു തുറന്നു ഞാൻ; സ്തബ്ധനായ്പ്പോയ്.

അവിടെയാണീശ്വര വാസസ്ഥാനം
സ്നേഹമാണീശ്വര രൂപം...

# ആമ്പൽപ്പൂവ്

3628, നിതിൻ ബാബു. എസ്.
XII A, പട്ടേൽ ഹൗസ്



വളരെ അത്യാവശ്യമായി ഒരിടം വരെ പോകണം. അമ്മയുടെ അഭ്യർത്ഥനാരൂപത്തിലുള്ള ആജ്ഞയാണ്. അവഗണിക്കാനുള്ള പ്രായം ആയെങ്കിലും ഞാനത് ചെയ്തില്ല. ഒന്നുമില്ലെങ്കിലും എന്നെ ഇത്ര വലുതാക്കിയില്ലേ? ഞാൻ യാത്രയായി.

മരുഭൂമി പോലെ കിടക്കുന്ന ബസ് സ്റ്റോപ്പിൽ അധികനേരം നിൽക്കേണ്ടി വന്നില്ല; ബസ്സ് വന്നു. കിളിയുടെ സഹായത്തോടെ അതിവിദഗ്ദ്ധമായ ഒരു ജമ്പ്. കാലൊടിയാതെ കയറിപ്പറ്റി. ഛേ! എല്ലാ സീറ്റിലും ആളുകളുണ്ട്. പുരുഷന്മാരുടെ സീറ്റുകളും സ്ത്രീകൾ അപഹരിച്ചിരിക്കുന്നു. തന്റേടികൾ! അത് മതിയാവാതെ ഒരു മധ്യവയസ്ക തന്റെ കുട്ടിയെ ജനലിനടുത്തിരുത്തി, സീറ്റിന്റെ മധ്യഭാഗത്ത് സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നു. പുരുഷസന്തതികൾക്കാർക്കും ഇനി ഇപ്പുറത്തിരിക്കാൻ കഴിയില്ലല്ലോ? നാട് കേരളമാണ്. കർണ്ണാടകയിലും മറ്റും പ്രശ്നമില്ലത്രെ. ഒരു പക്ഷേ പഠിപ്പ് കൂടിപ്പോയതുകൊണ്ടാകാം. കാല് തളരുമ്പോഴും അവിടെയൊന്നിരിക്കാൻ എനിക്ക് തോന്നിയില്ല. പണ്ടൊരിക്കൽ ഇത്തരമൊരു സന്ദർഭത്തിൽ നിന്നും എനിക്ക് വലിയ ഒരു തിരിച്ചറിവുണ്ടായിട്ടുണ്ട്. മീശ മുളയ്ക്കുന്നതിനു മുമ്പ് മറ്റൊന്നും ആലോചിക്കാതെ

ഞാനൊരു സ്ത്രീയുടെയടുത്തിരുന്നുപോയി. അന്ന് ഹൈസ്കൂളിൽ പോലും ആയിട്ടില്ല. ഉടനടി അവരുടെ പ്രതികരണം "ഇത് പെണ്ണുങ്ങളുടെ സീറ്റാണ്. ആണുങ്ങളിരിക്കാൻ പാടില്ല." ബസ്സിലെ എല്ലാവരും എന്റെ നിസ്സഹായാവസ്ഥയിൽ ആനന്ദം കൊണ്ടു. അപമാനഭാരത്താൽ ഞാൻ പതിയെ എഴുന്നേറ്റു. ആ നില്പ് ഇന്നും തുടരുകയാണ്.

എന്നാലും ഞാനവരെ കുറ്റപ്പെടുത്തിയില്ല. എനിക്കുണ്ടായ ദുരവസ്ഥ വളരെ അപൂർവമാണ്. മിക്ക വേളകളിലും നേരെ തിരിച്ചാണ് സംഭവിക്കുക. സ്ത്രീകളുടെ സീറ്റിൽ നിറഞ്ഞു കവിഞ്ഞിരുന്ന് 'ഞാനൊന്നുമറിഞ്ഞില്ലേ' എന്ന മട്ടിൽ വെളിയിലേക്ക് നോക്കിക്കൊണ്ടിരിക്കുന്ന എത്രയോ ദ്രോഹികളെ നമ്മൾ ദിനംതോറും കാണുന്നു. അപ്പോൾ ന്യായമായും ആ സ്ത്രീ ചെയ്തതിൽ തെറ്റില്ല. ആണുങ്ങളോടുള്ള ദേഷ്യം എന്നോടു തീർത്തെന്നു മാത്രം.

എത്രയോ നാളുകളായി ഒരു ബൈക്ക് വാങ്ങിച്ച് തരാൻ മാതാപിതാക്കളോട് പറയുന്നു. അവർക്ക് പേടിയാണ്. ഒരു ഋഷ്യശൃംഗവാസത്തിനുശേഷം പുറത്തിറങ്ങിയ ഞാൻ വല്ല അബദ്ധവും ചെയ്താലോ? സുന്ദരികളെ പിറകിൽ ഇരുത്തി, ഇഹലോകം മറന്നങ്ങ് ചെത്തി, ഒരു ലോറിയുടെ അടിയിൽ ചെന്നാൽ... ശിവ! ശിവ! അമ്മക്കാലോചിക്കാൻ പോലും കഴിഞ്ഞില്ല. ചോദിച്ചപ്പോൾ തന്നെ മറുപടി കിട്ടി. "പറ്റില്ല."

ബസ്സിൽ ക്രമേണ തിരക്ക് കൂടി. നല്ല മണവും വരുന്നുണ്ട്. മുല്ലപ്പൂവാണെന്നു തോന്നുന്നു. പക്ഷേ ഇത് പെർഫ്യൂമിന്റെ കളിയാണ്. നാറ്റസംഹാരികളിൽ മുങ്ങിക്കുളിച്ച് വരുന്ന ശീലാവതികളാണ് ഇവിടെ വിവിധ പൂക്കളുടെ വാസന വിതറുന്നത്. പക്ഷേ ആ നല്ല മണം അധികനേരം നിൽക്കില്ല. വിയർപ്പു മണവുമായി കൂടിച്ചേർന്ന് ഒരു അസഹനീയമായ ഗന്ധം ഉടലെടുക്കുകയാണ്. പൊതുസ്ഥലങ്ങൾ ഇങ്ങനെയാണ്. വൃത്തികെട്ട നാറ്റവും പെരുമാറ്റവും, പ്രവൃത്തികളും കാരണം അവയെ ഒരു പൊട്ടക്കുളത്തോട് ഉപമിക്കാം. പക്ഷേ അങ്ങിങ്ങായി ചില ആമ്പൽപ്പൂവുകളുമുണ്ട്. ആരും കാണാതെ നുള്ളി നോവിക്കാതെ നമ്മളതിന്റെ സൗന്ദര്യം ആസ്വദിച്ചു പോകുന്നു.

നിങ്ങളെപ്പോലെ തന്നെ മുമ്പിലിരുന്ന് വളയം പിടിക്കുന്ന ഭീകരന് എന്റെ പ്രവൃത്തികൾ ഇഷ്ടമായില്ലെന്ന് തോന്നുന്നു. ഒരു സഡൻ ബ്രേക്.... ന്യൂട്ടന്റെ വികൃതിയാൽ ഞാൻ ചുഴറ്റിയെറിയപ്പെട്ടു. എവിടെയെങ്കിലും ഒരു പിടികിട്ടാനുള്ള വ്യഗ്രതയിൽ എന്റെ കൈമുട്ട് ചെന്നിടിച്ചത് ആരുടെയോ പുറത്താണ്. ഡ്രമ്മിന്റെ അതേ ശബ്ദം. മനം മറന്ന് നിന്നതാണ് സകല കുഴപ്പങ്ങൾക്കും കാരണം. എല്ലാം പ്രതീക്ഷിച്ചുകൊണ്ട് ഞാൻ നിന്നു. ദയനീയമായ ഒരു മുഖം പ്രത്യക്ഷപ്പെട്ടു. 'ക്ഷമിക്കൂ' എന്ന് മുഖത്തെഴുതി വച്ചതുകൊണ്ടാകാം, അവർ ഒന്നും മിണ്ടിയില്ല. ഈ മുഖം ഒട്ടും പരിചയമില്ല. പക്ഷേ കണ്ണിന്റെ മുകളിലുള്ള കറുത്ത പാട്.... അതെനിക്ക് നല്ല പരിചിതമാണ്. അശ്വതി. ആരാണവൾ? എന്റെ ചാപല്യങ്ങളുടെ ആദ്യത്തെ ഇര. എനിക്കോർമ്മയില്ല എന്ന ഒറ്റവാക്കിൽ എനിക്ക് നിങ്ങളിൽ നിന്നും രക്ഷപ്പെടാം. പക്ഷേ ധാർമ്മികമായി അത് ശരിയല്ല.

നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ ഈ യാത്ര യുടെ മുഷിച്ചിൽ മാറ്റാനായി ഞാൻ അശ്വ തിയുടെ കഥ പറഞ്ഞുതരാം.

സ്കൂളിൽ എണ്ണം തികയ്ക്കുന്നതിന് അദ്ധ്യാപകൻ നാട് നീളെ നടന്ന് പിള്ളേരെ പ്പിടുത്തം തുടങ്ങിയിട്ടില്ല. അതിനും വളരെ മുമ്പ് ബാലൻ മാഷ് കണക്ക് പഠിപ്പിക്കുന്ന കാലം. അന്നായിരിക്കാം ഞാൻ അശ്വതിയെ ശ്രദ്ധിച്ചു തുടങ്ങിയത്. അദ്ദേഹം പഠിപ്പി ക്കുന്ന സമയത്ത് ഞങ്ങൾ കാത് കൂർപ്പിച്ചി രിക്കുമായിരുന്നു, പുറത്തെ മാവിൽ നിന്നും മാങ്ങകൾ പൊഴിയുന്നുണ്ടോ എന്നറിയാൻ. അദ്ധ്യാപകൻ ക്ലാസ് വിടാൻ വേണ്ടി ഞങ്ങൾ കാത്തിരിക്കും. പിൻബെഞ്ചിലായിരുന്നു എന്റെ സ്ഥാനം. മാങ്ങ പെറുക്കാനുള്ള മത്സര ഓട്ട ത്തിൽ വിജയസാധ്യത വളരെ കുറവായിരു ന്നതിനാൽ ക്രമേണ ഞാൻ മത്സരത്തിൽ നിന്നും പിൻവാങ്ങി. അങ്ങനെയാണ് ഞാൻ അശ്വതിയെ ശ്രദ്ധിക്കുന്നത്. മാങ്ങയ്ക്ക് വേണ്ടി ഓടാതെ അതിനുവേണ്ടി പരക്കം പായുന്ന കുട്ടികളെ നോക്കി മൃദുവായി പുഞ്ചിരിക്കുന്ന പെൺകുട്ടി. വേറിട്ടു നിൽക്കു ന്നൊരു പൂവ്.... ആമ്പൽപ്പൂവ്. ഒരു കൗതുക ത്തിന്റെ പ്രേരണയാൽ എന്റെ നിരീക്ഷണം അന്നുകൊണ്ടവസാനിച്ചില്ല. അതൊരു തുട ക്കമായിരുന്നു. പുറകിലെ ബെഞ്ചിനരികി ലേക്ക് നടക്കുമ്പോൾ മുമ്പിലിരിക്കുന്ന ആ പ്രതിഭാസത്തിനെ ഒന്നറിയാൻ ഞാൻ ഒളി കണ്ണിട്ട് നോക്കുമായിരുന്നു. മിക്കപ്പോഴും ഡസ്കിൽ മുഖമമർത്തി കിടക്കുകയായി രിക്കും. അവളുടെ നീളമുള്ള കറുത്തമുടി കാറ്റത്ത് പാറിപ്പറക്കുന്നത് ഞാനറിയാതെ നോക്കിനിന്നിട്ടുണ്ട്.

കഥ പുരോഗമിക്കുന്നത് ബാലൻമാ ഷിന്റെ വടിയുടെ വരവോടെയാണ്. ആ വടിക്ക് കണ്ണില്ലായിരുന്നു. ആൺപെൺ ഭേദ മന്യേ അവൻ ഞങ്ങളുടെ കൈകളിൽ കയ റിയിറങ്ങി. ഗോലി കളിച്ചും തീപ്പെട്ടിപ്പടം ശേഖ രിച്ചും നടക്കുന്ന കാലത്ത് പഠിത്തം എങ്ങനെ നടക്കും? എങ്കിലും അടിയിൽ നിന്ന് രക്ഷപ്പെടാൻ എന്റെ മനസ്സ് ആഗ്ര ഹിച്ചു. പാള കെട്ടിക്കൊണ്ടുപോകാൻ 'വിവ രമുള്ള ചിലർ' ഉപദേശിച്ചു. അതാകുമ്പോൾ നല്ല ശബ്ദം കേൾക്കും. വേദനിക്കുകയുമില്ല. സാറിനും സന്തോഷം, ഞങ്ങൾക്കും സന്തോഷം. പക്ഷേ പിടിക്കപ്പെട്ടാലുണ്ടാ കുന്ന ഭവിഷത്തുകളാലോചിച്ച് ഞാനത് ചെയ്തില്ല. ഫലമോ? എന്റെ ആരോഗ്യം കുറ ഞ്ഞുകൊണ്ടിരുന്നു. ബെഞ്ചിൽ ഇരിക്കാൻ പറ്റാത്ത അവസ്ഥ. എന്നിട്ടും എനിക്ക് വേദ നിച്ചില്ല. ചുട്ട പെടകൾ കിട്ടുമ്പോൾ നവജാത ശിശുക്കൾ കോട്ടുവായ് ഇടുന്നതുപോലെ പെൺകിടാങ്ങൾ നിലവിളിക്കുമായിരുന്നു. പക്ഷേ അശ്വതി സമർത്ഥമായി ഒഴിഞ്ഞുമാറി.

സാറൊരു അച്ഛനാകാൻ പോകുന്നു. ഇതിൽപ്പരം സന്തോഷമുള്ള ഒരു വാർത്ത യുണ്ടോ? രണ്ടാഴ്ചത്തെ അവധിക്കായി സാറ് വീട്ടിൽ പോയി. സന്തോഷവും സമാധാ നവും നിറഞ്ഞ പതിനാല് ദിവസങ്ങൾ കട ന്നുപോയി. സ്നേഹമുള്ള ഭർത്താക്കന്മാർ ഏതാനും ദിവസങ്ങൾ കൂടി അവധിയെടു

ക്കാറുണ്ട്. പക്ഷേ സാറിന്റെ സ്നേഹം ഞങ്ങളോടുള്ള താത്പര്യത്തിന്റെയത്ര വന്നില്ല. പതിനഞ്ചാം ദിവസം ഹാജർ.

വീണ്ടും അടിയുടെ നാളുകൾ... ഒരു പ്രധാന സംഭവം നടന്നു. അശ്വതിക്ക് അടി കൊണ്ടു. നൂറ് ഡിഗ്രിയിൽ ഒരു വീശ്! അവൾ പുളഞ്ഞ് പോയി. തുളവീണ ബണ്ട് പോലെ കണ്ണീർ വാതകം പ്രവഹിക്കുകയാണ്. കൺമഷി കലർന്ന തുള്ളികൾ ചാലുകളായി വെളുത്ത ഷർട്ടിൽ പതിക്കുന്നു. എനിക്കാദ്യം ചിരിയാണ് വന്നത്. ഇവിടെ ചിലർക്ക് അടി ഒഴിഞ്ഞ ദിവസങ്ങളില്ല. പക്ഷേ അവരാരും കരയുന്നില്ല. സന്തോഷം മാത്രം. പക്ഷേ അശ്വതി...? പെൺകുട്ടികളോട് വേണോ പരാക്രമം? എന്റെ മനസ്സ് മാറി. വിദ്യാർത്ഥികളെ പീഡിപ്പിക്കരുതെന്ന് ഉത്തരവ് ഉണ്ട്. ഇവരാരും പത്രം വായിക്കാറില്ലെ? എന്ത് ചെയ്യാനാ? മക്കളെ കൊന്നോളൂ, എന്നാലും മാർക്ക് വേണമെന്നല്ലേ മാതാപിതാക്കളുടെ ആഗ്രഹം. നടക്കട്ടെ. ഞങ്ങൾ ഇഞ്ചിഞ്ചായി മരിക്കുകയാണ്.

അശ്വതി ഇനിയും കരച്ചിൽ നിറുത്തുന്നില്ല. രണ്ട് കണ്ണുകളും തമ്മിൽ മത്സരമുണ്ടെന്ന് തോന്നുന്നു. ആരും ആ മുഖത്തെ നിസ്സഹായാവസ്ഥ കാണുന്നില്ല, എല്ലാവരും അവർക്കു കിട്ടിയ അംഗഭംഗങ്ങൾ തേച്ചു മിനുക്കുന്നതിൽ വ്യാപൃതരാണ്.

അധികം വൈകാതെ മ്ലാനതയുടെ മേഘങ്ങൾ അകന്നു മാറി. അവൾ സന്തോഷവതിയാണ്. വളരെ നാളത്തെ ഇടവേളയ്ക്ക് ശേഷം ഞാൻ അദ്ധ്യാപകരെ ശ്രദ്ധിച്ചു. ഇന്ന് പൈഥഗോറസാണ് വിഷയം. അദ്ദേഹം വലിയൊരു കണ്ടുപിടുത്തം നടത്തിയത്രെ. ചിന്താമണ്ഡലങ്ങൾ വഴിയറിയാതെ കുഴങ്ങി. പൈഥഗോറസ്! അദ്ദേഹത്തെ ബാല്യത്തിൽ മാതാപിതാക്കൾ എങ്ങനെയായിരിക്കും വിളിച്ചിരിക്കുക. "മോനെ പൈ" ഇന്ന് ഇതൊരു തമാശയാണോ? അല്ല. പക്ഷെ ഞാൻ ചിരിച്ചുപോയി.

"സ്റ്റാൻഡ് അപ്പ്" ആജ്ഞ വന്നു. ബഞ്ചിൽ കയറ്റിയില്ല. ബഞ്ച് ഒടിയാറായി നിൽക്കുകയാണ്. ഒരു വെടിക്കെട്ടാണ് ഞാൻ പ്രതീക്ഷിച്ചത്. അതുണ്ടായില്ല. "അവിടെച്ചെന്നിരിക്ക്" ബാലൻമാഷ് കൈ ചൂണ്ടിയിരിക്കുന്നത് പെൺകുട്ടികളുടെ മധ്യത്തേക്കാണ്. ഹെഡ്മാസ്റ്റർ നിർദ്ദേശിച്ച ശിക്ഷാ രീതിയാണ്. "ഒരു സെൻസ് ഓഫ് ഹ്യുമിലിയേഷൻ ആകും. തീർച്ച." തന്റെ വിനാശകരമായ കണ്ടുപിടിത്തത്തിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു. ഇതെങ്ങനെയാണൊരു ശിക്ഷയാവുക. സന്തോഷത്തോടെ എന്റെ പുതിയ സ്ഥാനത്തേക്ക് നോക്കി. എന്തൊരദ്ഭുതം! അശ്വതിയുടെ തൊട്ടരികെ. 'രോഗി ഇച്ഛിച്ചതും പാല് വൈദ്യൻ കല്പിച്ചതും പാല്.' അവളുടെ പുഞ്ചിരി കൂടി ആകുമ്പോൾ അവിടെയൊരു പാൽക്കടൽ ഉയരുകയാണ്. മിൽമയുടെ ലോറി മറിഞ്ഞതുപോലെ.

എന്ത് രസമാണ് ഇങ്ങനെ നോക്കിക്കൊണ്ടിരിക്കാൻ! നെറ്റിത്തടത്തിലേയ്ക്ക് വീണു കിടക്കുന്ന മുടിയിഴകൾ പിറകിലേക്ക് തെറുക്കിവച്ച് അശ്വതി പൈഥഗോറസിനെ ശ്രദ്ധിക്കുകയാണ്. എന്ത്! പൈഥഗോറസിനെ

അത്രയ്ക്കിഷ്ടമായോ? ഇന്ന് കേറിവന്ന, മേൽവിലാസം പോലുമില്ലാത്ത ഒരു കഥാപാത്രത്തിനു മുമ്പിൽ ഞാൻ നിഷ്പ്രഭനാണോ? അല്ല. സംസാരിക്കണം. മൈലാഞ്ചി ചാർത്തിയ കൈകളിൽ ഒരു കറുത്ത പേനയിരിക്കുന്നു. "ഹീറോ പേനയാണോ?" അടക്കിപ്പിടിച്ച ശബ്ദത്തിൽ ഞാൻ ചോദിച്ചു. ദഹിപ്പിക്കുന്ന ഒരു നോട്ടം. ദാക്ഷായണി ടീച്ചറുടെ പോലെ. അല്പമൊന്ന് ഭയന്നെങ്കിലും, ഞാൻ ധൈര്യം കൈവിട്ടില്ല. "എനിക്കുമുണ്ട്, പക്ഷേ നിറം ഇതല്ല, കറുപ്പാ..." എന്നെ സംസാരിക്കാൻ അനുവദിക്കാതെ അവൾ വീണ്ടും പൈഥഗോറസിനരികെ ചെന്നു. വൃത്തികെട്ടവൻ, അവതരിക്കാൻ കണ്ട നേരം. എനിക്ക് സഹിച്ചില്ല. എന്തെങ്കിലും സംസാരിക്കണം. ആ നാവിൽ നിന്നും പിറക്കുന്ന അക്ഷരങ്ങളുടെ സ്പർശനമറിയണം. പാറയുടെ സ്വരമായിരിക്കുമോ? ഇത്രയും നല്ല ഒരു മുഖത്ത് നിന്നും വരുന്ന, ശബ്ദവും മധുരമായിരിക്കും. അല്പം കൂടി ഉയർന്ന ശബ്ദത്തിൽ ചോദിക്കാം, അപ്പോൾ അത് അവഗണിക്കാനാവില്ല. "വടക്കേപ്പുറത്തല്ലേ വീട്...."

ബാലൻ മാഷ് കേട്ടെന്ന് തോന്നുന്നു. കലിയിളകി വരികയാണ്. എത്ര വലിയ തെറ്റാണ് ഞാൻ ചെയ്തത്? സംസാരിച്ചതിന് മാറ്റിയിരുത്തിയപ്പോൾ അവിടെയിരുന്ന് വീണ്ടും സംസാരിക്കുക. ആർക്കായാലും ദേഷ്യം വരില്ലേ? "കൈ നീട്ട്". ദേഷ്യം തലയ്ക്ക് പിടിച്ചു കഴിഞ്ഞു. എന്റെ കൈ, ആവുന്നത്ര ഞാൻ പൊക്കിവച്ചു. അപ്പോൾ വേദന കുറയും. ഭീതിയോടെ എന്നെ നോക്കുന്ന അശ്വതിയെ അരികിൽ കാണാം. എനിക്കും പേടിയായി. ഞരമ്പ് മുറിക്കുന്ന ആ വേദന.... സാറ് കൈ വീശിയതും ഞാൻ കൈ വലിച്ചതും ഒരുമിച്ചായിരുന്നു. പിന്നീടെന്ത് പറ്റി? ആ വടി എവിടെക്കൊണ്ടു? അത് നിങ്ങളോട് വിവരിക്കാൻ എനിക്ക് കഴിയില്ല.

അതാ അവളിറങ്ങുകയാണെന്ന് തോന്നുന്നു. ഞാനിറങ്ങേണ്ട സ്റ്റോപ്പിന് ഇനിയും പോകാനുണ്ട്. പക്ഷെ അദൃശ്യമായ ഒരു പ്രേരണയാൽ ഞാനും ആ സ്റ്റോപ്പിൽ ഇറങ്ങി. ജന്മസഹജമായ ക്ഷമയില്ലായ്മ എന്നെ അലട്ടിക്കൊണ്ടിരുന്നു. "അശ്വതിയല്ലേ?" ആണെന്നുറപ്പോടെ ഞാൻ ചോദിച്ചു. അവർക്കാദ്യം അത്ഭുതം വന്നു. ബസ്സിൽ വെച്ചിടിക്കുക. പിന്നീടിറങ്ങി പേര് ചോദിക്കുക.

"അല്ല, നിങ്ങൾക്ക് ആള് തെറ്റിയതാവും." അദ്ഭുതം പതിയെ ഒരു സഹതാപത്തിലേക്ക് തെന്നിമാറി. ഞാനൊരു ഭ്രാന്തനാണെന്നവർ വിചാരിച്ചു കാണും.

എന്തൊരു ഗതികേട്! നിങ്ങൾക്കെന്റെ കഥ കേൾക്കേണ്ടിവന്നു. സ്വന്തം തെറ്റാൽ സ്നേഹിക്കുന്നവർ വേദനിച്ച കഥ. ഈസോപ്പ് കഥകൾ പോലെ ഇതിന് യാതൊരു സന്ദേശവുമില്ലേ? ഉണ്ട്. അടിക്കാൻ വരുമ്പോൾ കൈ വലിക്കരുത്. അടുത്തിരിക്കുന്നവർക്ക് അപകടം പറ്റാം.

# പരിചിതനായ ഒരപരിചിതൻ

3712, **ബേസിൽ ജോൺ**, XI. B, രാജാജി ഹൗസ്

**ജീ**വിതത്തിന്റെ വഴിത്താരകളിൽ നാം പലരേയും കണ്ടുമുട്ടാറുണ്ട്. ഇതിൽ ശ്രദ്ധേയനായ ഒരു കഥാപാത്രമാണ് എന്റെ സുഹൃത്ത് കൂടിയായ നമ്മുടെ കഥാനായകൻ.

സന്തോഷത്തിന്റെ പ്രതീകമായിരുന്നു അവന്റെ മുഖം. ചിരിച്ചും കളിച്ചും കൊച്ചു കൊച്ചു വേണ്ടാതീനങ്ങളുമായി അവൻ ഓരോ ദിവസവും തള്ളിനീക്കി. പക്ഷെ പഠനത്തിൽ മാത്രം ഭാഗ്യം അവനെ കടാക്ഷിച്ചില്ല. തിരക്കേറിയ വിദ്യാലയ ജീവിതത്തിലും നിലയ്ക്കാത്ത സ്വപ്നങ്ങളുമായി അവൻ അവന്റേതായ ജീവിതപാതയിലൂടെ മുന്നോട്ട് സഞ്ചരിച്ചു.



അന്നും അവൻ പതിവുപോലെ കുളിച്ചു റെഡിയായി, ആറരയ്ക്കു സ്റ്റഡീസിനു വന്നു. എന്തൊക്കെ പഠിക്കണമെന്ന് അവന്റെ മനസ്സിലുണ്ടായിരുന്നു. അവൻ ബുക്കെടുത്ത് മുന്നിൽ തുറന്നു വച്ചു. കൌമാരം ബഹളം വച്ചു തുടങ്ങിയ അവന്റെ മനസ്സിലേയ്ക്ക് പല പല ചിന്തകൾ അരിച്ചിറങ്ങി. അവൻ വരയ്ക്കാൻ തുടങ്ങി. പല പല ചിത്രങ്ങൾ. ചിരിയുടേയും, സന്തോഷത്തിന്റേയും, സങ്കടത്തിന്റേയും, സ്നേഹത്തിന്റേയും ചിത്രങ്ങൾ. എന്നാൽ സമയം ആരെയോ തേടി എന്നപോലെ അവനെ ഗൌനിക്കാതെ കടന്നുപോയി. അവൻ വാച്ചിൽ സമയം നോക്കി. രാത്രി എട്ട് മണി. മെസ്സിലേയ്ക്ക് പോകാനുള്ള വിസിലടിക്കാൻ പതിനഞ്ചു മിനിട്ടു കൂടി. അതോടെ സ്റ്റഡീസും തീരും.

പെട്ടെന്നവൻ ഡയറി വലിച്ചെടുത്ത് എഴുതാൻ തുടങ്ങി. "ഇന്ന് നല്ലൊരു ദിവസമായിരുന്നു. പക്ഷെ ഒന്നും പഠിക്കാൻ കഴിഞ്ഞില്ല. സാരമില്ല. ഡിന്നറു കഴിഞ്ഞു പഠിക്കാം."

"മൈൽസ് ആന്റ് മൈൽസ് റ്റു ഗോ ബിഫോർ ഐ സ്ലീപ്"

ഒരു നല്ല ഡിന്നറിനുശേഷം അവൻ ഹൗസിൽ തിരിച്ചു വന്നു. കഴിച്ചതൊക്കെ ഒന്നു ദഹിക്കട്ടെ എന്നു കരുതി കുറച്ചുനേരം അവൻ കിടന്നു. പക്ഷെ ഉറക്കം അവന്റെ കണ്ണുകളെ തഴുകിയതവനറിഞ്ഞില്ല.....

കണ്ണു തുറന്നപ്പോൾ നല്ല വെളിച്ചം. നല്ലൊരു സൺഡേ വന്നെത്തിയിരിക്കുന്നു. വാച്ചിൽ സമയം നോക്കി, 8.10. ബ്രേക്ക്ഫാസ്റ്റിനു വെറും പതിനഞ്ചു മിനിട്ടു കൂടി. ഓടിച്ചെന്ന് പ്രഭാതകർമ്മങ്ങളൊക്കെ പെട്ടെന്ന് കഴിച്ചു. പുറത്തേക്കിറങ്ങി കണ്ണാടിയുടെ മുന്നിൽ ചെന്നുനിന്നു.

സാവധാനം മുടി കോതി, ഡ്രസ് നേരെയാക്കി സ്വന്തം സൗന്ദര്യം ആവോളം നോക്കിനിന്നു. ഇതിനിടെ വീണ്ടും അവന്റെ മനസ്സ് അകലങ്ങളിലേക്ക് പോയി തുടങ്ങി. പതിയെ പതിയെ ഓരോരോരോ ചിന്തകൾ അവന്റെ മനസ്സിലേയ്ക്ക് ചേക്കാറാൻ തുടങ്ങി.

പെട്ടെന്നവൻ കഴിഞ്ഞുപോയ ഇന്നലെയെപ്പറ്റി ആലോചിച്ചു. എന്നത്തേതും പോലെ അതും അവന് ഒരു നല്ല ദിവസമായിരുന്നു. പക്ഷെ നേട്ടങ്ങളുടെ പട്ടികയിലേക്ക് എഴുതി ചേർക്കാനായി അവന് ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

നിരാശയുടെ പുകമറകൾ അവന്റെ മനസ്സിലൂടെ തെന്നി നീങ്ങുന്നതായി തോന്നി.

അവന് അവനോടു തന്നെ വല്ലാത്ത ദേഷ്യം തോന്നി. ആരോടതു തീർക്കണമെന്നറിയാതെ അവൻ സ്വന്തം പ്രതിബിംബത്തോടായി ഉറക്കെ ഇങ്ങനെ ചോദിച്ചു.

"എന്താടോ താൻ ഇനിയും നന്നാവാത്തത്."

## ചേരിചേരായ്മയും വി.കെ. കൃഷ്ണമേനോനും

"ചേരിചേരായ്മ" എന്ന ആശയം രൂപപ്പെടുത്തുന്നതിൽ കൃഷ്ണമേനോൻ സവിശേഷ പങ്കു വഹിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഇന്ത്യൻ വിദേശനയത്തിന്റെ പ്രമാണരേഖയാണിത്. 40 കളുടെ ആദ്യത്തിൽ തന്നെ കൃഷ്ണമേനോൻ പറയാറുണ്ടായിരുന്നു വിദേശനയം സംബന്ധിച്ച ഇന്ത്യയുടെ ചിന്താഗതിക്ക് അടിസ്ഥാനം, വൻകിട രാഷ്ട്രങ്ങളുടെ രാഷ്ട്രീയത്തിൽ ഇടപെടാതിരിക്കുക എന്നതാണെന്ന്. നമ്മുടെ നയം നിഷ്പക്ഷമല്ലെന്നും ഏതെങ്കിലും ചേരിയുമായി ഒട്ടിപ്പിടിച്ചു നില്ക്കാതിരിക്കലാണെന്നും 1948-ൽ കൃഷ്ണമേനോൻ പറഞ്ഞപ്പോൾ ചേരിചേരായ്മ എന്ന വാക്കിനോട് അദ്ദേഹം കൂടുതൽ അടുത്തു കഴിഞ്ഞിരുന്നു.

'ഇടപെട്ടു പോകാതിരിക്കുക' 'ഒട്ടിപ്പിടിച്ചു നിൽക്കാതിരിക്കുക' തുടങ്ങി കൃഷ്ണമേനോൻ നേരത്തേ ഉപയോഗിച്ചിരുന്ന വാക്കുകളിൽ നിന്നുതന്നെ രൂപം പ്രാപിച്ചതാണ് 'ചേരിചേരായ്മ' എന്ന വാക്കുമെന്ന് ഊഹിക്കുന്നതിൽ തെറ്റില്ല.

**'വി.കെ. കൃഷ്ണമേനോൻ'**

**വി.കെ. മാധവൻകുട്ടി**

# എൻ ദീപനാളം

ഇന്ദു. ആർ.എസ്സ്.
അസിസ്റ്റന്റ് മാസ്റ്റർ, ഗണിതവിഭാഗം

എന്റെ ഏകാന്തമാം മൺചിരാതിൽ
ഒരു പൊൻതിരി നാളമായ് നീയുതിർന്നു.
എന്റെ മനസ്സാം ചിപ്പിയിലെ
ഒരു പൊൻമുത്തു പോലെ നീ വന്നുദിച്ചു.
നിന്റെ സ്നേഹമസൃണ പുഞ്ചിരിയിൽ
ആദ്യ സ്നേഹാക്ഷരം ഞാൻ കുറിച്ചു.
ഞാനറിയാതെയെൻ മാനസവീഥിയിൽ
നിറമാർന്ന മയിലുകൾ നൃത്തമാടി.
എന്തെന്തു സ്വപ്നങ്ങൾ! എന്തെന്തു വർണ്ണങ്ങൾ!
എന്റെ മനസ്സിനെ തൊട്ടുണർത്തി.
എന്നിൽ തുളുമ്പിയ താരാട്ടു പാട്ടിന്റെ
ശ്രീരാഗമായി നിൻ സാന്ത്വനങ്ങൾ
ആ ദിവ്യരാഗത്തിൻ മാനസസരസ്സിൽ
ഒരു വർണ്ണ കുടിൽ നീ തീർത്തു തന്നു.
അവിടെ നാം ഒന്നായ് കൊളുത്തിയൊരീ-
രാഗദീപം പൊലിയാതിരുന്നുവെങ്കിൽ!!
അണയാതെ കാക്കുന്നു ഞാനെന്റെ ചിത്തത്തിൽ
എൻ ജീവശ്വാസമായ് എന്നുമെന്നും....

# പട്ടാളം

പ്രതീഷ്. പി.വി
4021, X. C, കരിയപ്പാ ഹൗസ്



**പ**ഠിച്ചുകൊണ്ടിരുന്ന കാലത്ത് എന്റെ മനസ്സിൽ ഒരേ ഒരു നിശ്ചയമേ ഉണ്ടായിരുന്നുള്ളൂ. പട്ടാളക്കാരൻ ആകുക! എന്റെ നാടിനുവേണ്ടി ജീവൻ ബലിയർപ്പിക്കുക! എന്റെ ഈ നിശ്ചയത്തെ വളർത്തിയത് എന്റെ അച്ഛനാണ്. എന്റെ അച്ഛനും ഒരു പട്ടാളക്കാരനാണ്. പട്ടാളസേവനത്തിന്റെ എല്ലാ വിഷമങ്ങളും സന്തോഷങ്ങളും എന്റെ അച്ഛൻ എന്നെ പറഞ്ഞു കേൾപ്പിച്ചു. അങ്ങനെ ഞാൻ എന്റെ ലക്ഷ്യത്തിലെത്തിച്ചേർന്നു. ഒരു പട്ടാളക്കാരനായി.

അന്ന് 1985 ആഗസ്റ്റ് 18. ഞാൻ ആദ്യ ലീവിൽ വീട്ടിലേക്ക് പോകുന്ന സമയം. കൈ നിറയെ സാധനങ്ങളുമായി ഞാൻ റെയിൽവേസ്റ്റേഷനിലെത്തി. ചീറി പായുന്ന തീവണ്ടികൾ കണ്ട് ഞാൻ പതറിയില്ല. ഞാനൊരു പട്ടാളക്കാരനാണ്. ഞാൻ തീവണ്ടിയിൽ കയറി സീറ്റു പിടിച്ചു. വീട്ടുകാരെ മനസ്സിലോർത്തുകൊണ്ട് ഞാൻ യാത്ര തുടർന്നു. മൂന്നു ദിവസം നീണ്ടുനിന്ന യാത്രയിൽ പല കാഴ്ചകൾ കണ്ടെങ്കിലും മനസ്സു നിറയെ അവധി ദിവസം എങ്ങനെ ചിലവഴിക്കുമെന്നുള്ള പ്ലാനുകളായിരുന്നു.

കേരളത്തിന്റെ ബോർഡർ എത്തി. കോളത്തിന്റെ സുഗന്ധം തീവണ്ടിയിലാകെ പരന്നു. പ്രിയപ്പെട്ടവരെ മനസ്സിലോർത്ത് ഞാൻ സന്തോഷിച്ചു. അവസാനം തീവണ്ടി എന്റെ സ്റ്റേഷനിലെത്തി. സാധനങ്ങൾ എല്ലാം ഞാൻ ഇറക്കി വച്ചു. എന്നിട്ട് ഒരു കാറ് വിളിച്ചു. ജീവിതയാത്രയിൽ ഞാൻ അനുഭവിച്ച പല കഷ്ടപ്പാടുകൾ ഓർത്തു. എന്റെ ഇപ്പോഴത്തെ നിലയെകുറിച്ച് ഓർത്ത് സന്തോഷിച്ചു. കാറ് വീട്ടിനു മുൻവശത്ത് നിറുത്തി. സാധനങ്ങളെല്ലാം ഇറക്കി, കാർ ഡ്രൈവറിനു കാശു കൊടുത്ത് വീട്ടിലെത്തി. അമ്മയേയും അച്ഛനേയും കണ്ട് ഞാൻ മതിമറന്ന് ആഹ്ലാദിച്ചു. അങ്ങനെ രണ്ടു വിലപ്പെട്ട ദിവസം കഴിഞ്ഞുപോയി.

മൂന്നാമത്തെ ദിവസം ഞാൻ പതിവു പോലെ പത്രം വായന തുടങ്ങി. അപ്പോഴാണ് അയൽപക്കത്ത് നിന്നുള്ള കോലാഹലം ശ്രദ്ധിച്ചത്. ഞാൻ അങ്ങോട്ട് ഓടിച്ചെന്നു. അടുത്തവീട്ടിലെ റപ്പായിച്ചേട്ടനും കോലപ്പനാശാരിയും തമ്മിൽ കടുത്ത അതിർത്തി തർക്കം. മാലപ്പടക്കം പോലെ പുളിച്ച തെറിയും വിളിച്ചു പറയുന്നുണ്ട്. അടുത്തു ചെന്നപ്പോഴാണ് അവരുടെ കയ്യിലിരിക്കുന്ന ആയുധങ്ങൾ ഞാൻ കണ്ടത്. കോലപ്പനാശാരിയുടെ കയ്യിൽ തിളങ്ങുന്ന ഉളിയുണ്ട്. റപ്പായിച്ചേട്ടൻ ഒരു വെട്ടുകത്തി വായുവിൽ വീശിക്കൊണ്ടാണ് സംസാരിക്കുന്നത്. നോക്കിനിൽക്കേ സംഘർഷാവസ്ഥയ്ക്ക് കനം വച്ചു വന്നു.

ഒരു പട്ടാളക്കാരനായ ഞാൻ ഇത് നോക്കിനിൽക്കാനോ? രാജ്യങ്ങൾ തമ്മിലുള്ള അതിർത്തി തർക്കങ്ങൾ പോലും പുഷ്പം പോലെ അവസാനിപ്പിക്കാറുള്ള ഒരു പട്ടാളക്കാരൻ ഇവിടെ ഒരു നോക്കുകുത്തിയാവാൻ പാടില്ല.

വഴക്കിന്റെ ഒരു ഘട്ടത്തിൽ കോലപ്പനാശാരി ഉളി റപ്പായിക്കു നേർക്ക് വലിച്ചെറിഞ്ഞു. പക്ഷെ ലക്ഷ്യം തെറ്റി. അത് തെറിച്ചുപോയി. കോപാന്ധനായ റപ്പായിച്ചേട്ടൻ വെട്ടുകത്തി ഉയർത്തിക്കൊണ്ട് കോലപ്പനാശാരിയുടെ നേർക്ക് പാഞ്ഞടുക്കുകയാണ്. ഒരു കൊലപാതകം ഉറപ്പ്. രണ്ടു പേരുടേയും നടുവിൽ ഞാൻ ചാടിവീണു. എന്നിട്ട് ഞാൻ റപ്പായി ചേട്ടന്റെ കയ്യിൽ പിടിക്കാനാഞ്ഞു. പക്ഷെ നിമിഷങ്ങളുടെ വ്യത്യാസത്തിൽ റപ്പായിച്ചേട്ടന്റെ വെട്ടുകത്തി എന്റെ തോളിൽ ആഞ്ഞുപതിച്ചു.....

അങ്ങനെ ലാളിച്ചു മോഹിച്ചു കൊണ്ടു നടന്ന ആ അവധിക്കാലം മുഴുവൻ ആ മുറിവിനെയും പേറി നടക്കേണ്ടിവന്നു. ഒരു പട്ടാളക്കാരന്റെ ഗതികേട്!

**"ജീവിതത്തിലെ ഏറ്റവും വലിയ മഹത്ത്വം ഒരിക്കലും വീഴാതിരിക്കുന്നതിലല്ല. ഓരോ തവണ വീഴുമ്പോഴും ഉയരുന്നതിലാണ്."**

**- നെൽസൺ മണ്ടേല**

# കാറ്റാടി മരങ്ങൾ

ഉമാ മഹേശ്വരി. ബി, 3807, X B, അശോകാ ഹൗസ്

കാറ്റാടി മരങ്ങൾ കാവൽ നിൽക്കുമീ
വഴിത്താരയിലേകയായ് ഞാൻ നടക്കുന്നു.
എന്റെ ഏകാന്തതയേറ്റു പാടിക്കൊണ്ടു
കാറ്റാടി മൂളുന്നുണ്ടൊരു വിഷാദരാഗം.

പെട്ടെന്ന് വീട്ടിലെത്തീടുവാൻ വെമ്പി ഞാൻ
ഒട്ടേറെ വിശേഷങ്ങളുണ്ടങ്ങു ചൊല്ലുവാൻ
ഉണ്ടെന്റെ സഞ്ചിയിൽ കുഞ്ഞനനിയനായ്
കരുതിയ കുത്തിമറിയുന്ന മോട്ടോർ സൈക്കിളും

പെട്ടെന്ന് കാർമേഘമിരുളുന്നു
കാറ്റു വീശുന്നു, കാറ്റാടി ആർത്തിളകുന്നു.
മാരി പേമാരിയായ് തുള്ളിയുറയുന്നു.
എങ്ങനെ ഞാനിനി വീട്ടിലെത്തീടുവാൻ?

കാറ്റത്ത് കോടി പൊളിഞ്ഞ മൊട്ടുക്കുട
ഒരു കാറ്റിന്റെ തള്ളലിൽ കൈവിട്ടു പാറി
വഴി മറയുന്നൂ മിഴിയിൽ ഭയമൊഴുകുന്നു മനസ്സിൽ
എങ്ങനെ ഞാനിനി വീട്ടിലെത്തീടുവാൻ?

പെട്ടെന്നൊരു കൊച്ചു കാറ്റാടി കുടയായ്
ഒട്ടും നനയ്ക്കാതെ വിരിഞ്ഞു നിന്നു.
ഇലകളുരഞ്ഞു മൊഴിഞ്ഞ വാക്കിൻ തണുപ്പിൽ
ഒരിത്തിരി നേരം ഞാനൊതുങ്ങി നിന്നു.

മഴമാറി വെയിൽ വീണു, വഴിത്താരയും
തെളിഞ്ഞെന്റെ മാനസപ്പൊയ്കയും
വീട്ടിലേയ്ക്കോടി ഞാൻ ഏകയായല്ല
കാറ്റാടി കൂട്ടുകാർ ഏറെയുണ്ട്.

ഏകയല്ലാ ഞാനീ വഴിത്താരയിൽ
ഒട്ടേറെ കൂട്ടുകാർ കൂടെയുണ്ട്.

# പ്രകൃതി സംരക്ഷണം

സെബിൻ ആന്റണി , 4301, VI. D, വി.കെ.കെ. ഹൗസ്

**പ**ണ്ട് പണ്ട് മനുഷ്യർ ഉണ്ടായ കാലം. ഒരു മനുഷ്യൻ ഒരു കാട്ടുപന്നിയെ പിടിച്ചു കൊണ്ടുവരുന്നു, മറ്റൊരാൾ രണ്ടു കല്ലുകൾ കൂട്ടിയുരച്ച് തീ ഉണ്ടാക്കുന്നു. പിന്നെ അവരെല്ലാം ഒരുമിച്ചിരുന്ന് ആ പന്നിയെ ഭക്ഷിക്കുന്നു. ഇത് ആയിരക്കണക്കിന് വർഷങ്ങൾ മുമ്പ് സംഭവിച്ചതാണ്. അന്ന് മനുഷ്യൻ എല്ലാ കാര്യത്തിലും പ്രകൃതിയെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്.

പക്ഷെ ഇന്നോ? ആധുനിക വസ്തുക്കളുടെ വരവോടെ പ്രകൃതിയെ നമ്മൾ വിസ്മരിച്ചു. എന്നാലും പ്രകൃതി നമുക്ക് വായു, ജലം, ആഹാരം എല്ലാം തരുന്നു. വാഹനങ്ങളുടെ വരവോടെ അന്തരീക്ഷത്തിലെ ചൂടുകൂടി. ഇങ്ങനെ തുടർന്നാൽ ധ്രുവങ്ങളിൽ ഉറച്ചു കട്ടിയായിരിക്കുന്ന മഞ്ഞുരുകി ഭൂമിയിലെ കര മുഴുവൻ വെള്ളത്തിനടിയിലായിപ്പോകും. കത്തുന്ന ഫ്രിഡ്ജുകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന വിഷവാതകങ്ങൾ അപകടകരമായ സൂര്യരശ്മികളിൽ നിന്ന് നമ്മെ രക്ഷിക്കുന്ന ഓസോൺ പാളിക്ക് വിള്ളൽ വീഴ്ത്തിയിട്ടുണ്ട്. ഫാക്ടറികളിൽ നിന്ന് വരുന്ന മാലിന്യങ്ങൾ പുഴയിൽ ഒഴുക്കിവിടുന്നു. ഇതുമൂലം ജലം മലിനമാക്കപ്പെടുന്നു.



പല വന്യമൃഗങ്ങളും ഇന്ന് വംശനാശഭീഷണി നേരിടുന്നു. പണ്ട് ഉണ്ടായിരുന്ന പല ജന്തുക്കളും ഭൂമിയിൽ നിന്ന് അപ്രത്യക്ഷരായി. പല കാടുകളും വെട്ടിത്തെളിക്കപ്പെടുന്നു. ഇങ്ങനെ നമ്മൾ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഇനി നമുക്ക് വനനശീകരണം തടയാം. പ്രകൃതിയെ സ്നേഹിക്കാം. ഒരു മരം വച്ചു പിടിപ്പിക്കുന്നത് ഒരു ജീവൻ രക്ഷിക്കുന്നതിന് തുല്യമാണ്. വരൂ കൂട്ടരെ, നമുക്കു കൈ കോർക്കാം. പ്രകൃതിയെ സംരക്ഷിക്കാം.

# ഒരു ദിവസത്തെ രാജാവ്

അഭിലാഷ് വി
4336, VI B, വി.കെ.കെ. ഹൗസ്

ഒരിക്കൽ വംഗദേശത്തെ രാജാവ് പ്രതാപ് സിങ് മന്ത്രിയായ അനന്തനുമൊന്നിച്ച് കാട്ടിൽ നായാട്ടിനുപോയി. അവിടെ വച്ച് ഒരു സിംഹം രാജാവിനെ ആക്രമിച്ചു. മന്ത്രിയായ അനന്തൻ ആ സിംഹത്തെ അമ്പെയ്ത് വീഴ്ത്തി. തന്റെ ജീവൻ രക്ഷിച്ച മന്ത്രിയെ ഒരു ദിവസത്തേക്ക് രാജാവാക്കാമെന്ന് പ്രതാപ് സിങ് പറഞ്ഞു.

കൊട്ടാരത്തിലെത്തിയ രാജാവ് അടുത്തദിവസം മന്ത്രിയായ അനന്തനാണ് രാജാവെന്ന് പ്രഖ്യാപിച്ചു. അടുത്ത ദിവസം പുതിയ രാജാവിന്റെ കല്പന കേൾക്കാൻ വേണ്ടി സൈനികർ കാത്തുനിന്നു. എല്ലാവരുടെയും യൂണിഫോം 'റഫ് ആൻഡ് ടഫ്' ജീൻസാക്കണമെന്നും കാട്ടുകള്ളൻ വീരപ്പനായിരിക്കും തന്റെ പുതിയ മന്ത്രി എന്നുമായിരുന്നു രാജാവിന്റെ കല്പന.

അതിനടുത്ത ദിവസം അധികാരമേറ്റ പ്രതാപ് സിങ് അനന്തനെ തടവിലാക്കാൻ ആജ്ഞാപിച്ചു.

"വിജയത്തിന് നൂറു പിതാക്കളുണ്ടാകും. പരാജയം ഒരനാഥനാണ്"

ജോൺ എഫ്. കെന്നഡി

# പൂക്കാലം

അഖിൽ. എ,
4256, VI.C, വള്ളത്തോൾ ഹൗസ്



**പൂ**ക്കുന്നിതാ പൂക്കൾ
ഒന്നല്ല രണ്ടല്ലൊരായിരം പൂക്കൾ!
ഓണക്കാലം വന്നണയുന്നു...
വരവേൽക്കാനായ് പുതുപൂക്കൾ
വിങ്ങും മനസ്സിലൊരോണക്കാലം പിറപ്പിക്കും
പൂക്കൾ പുത്തൻ പൂക്കൾ!
വേനലും വന്നു മഴയും വന്നു
പോയ് മറഞ്ഞു മഞ്ഞു കാലം
കൂട്ടരെ വന്നിടുന്നിതാ വസന്തം...
ഏവർക്കുമാനന്ദം ഏകീടാനായ്!
മുത്തശ്ശിയമ്മതൻ കഥ കേട്ട് കേട്ട്
അമ്മതൻ മടിത്തട്ടിൽ വീണുറങ്ങി
കണ്ടു ഞാൻ സ്വപ്നത്തിലൊരു വസന്തം
ഈ ലോകമാകെ പൂക്കൾ വിടർത്തും വസന്തകാലം
എന്നും ഞാൻ ഓർമ്മയിൽ സൂക്ഷിക്കു-
മെൻ മനസ്സിൽ വസന്തം
വിടർത്തിയൊരാ സുന്ദരസ്വപ്നം

# യുദ്ധം

**ശരത് മോഹൻ**
3985, X. B, നെഹ്റു ഹൗസ്



വിജനമായ ഒരു പ്രദേശം. ഒരു മരുഭൂമിയുടെ രൂപസാദൃശ്യമുള്ള സ്ഥലം. അത് ഇന്തോ-പാക് അതിർത്തിയാണ്. യുദ്ധത്തിനു തയ്യാറായി നിൽക്കുന്ന ഇന്ത്യൻ ഭടന്മാർ. അവരിൽ ഒരാൾ ഞാനായിരുന്നു. വല്ലാതെ വിയർക്കുന്നുണ്ടായിരുന്നു. കൈയ്യിലിരിക്കുന്ന തോക്കിന് നല്ല ഭാരമുണ്ടായിരുന്നു.

മുന്നോട്ടു കേറി ആക്രമിക്കാനുള്ള ഉത്തരവിനായി കാത്തിരിക്കുകയായിരുന്നു ഞങ്ങൾ. ഉത്തരവു കിട്ടിയാൽ പിന്നെ വെടിയും പുകയും മാത്രം. എന്റെ കൂട്ടുകാരൻ അടുത്തിരുപ്പുണ്ട്. "ദൈവമേ! ഈ യുദ്ധത്തിനു ശേഷം ഇവന്റേയും എന്റെ പ്രിയമുള്ളവരുടേയും മുഖം കാണാനുള്ള അവസരം തരണേ". മനമുരുകി പ്രാർത്ഥിച്ചുകൊണ്ട് ആക്രമണത്തിന്റെ കമാൻഡിനായി ഞാൻ കാതോർത്തിരുന്നു.

സമയം വളരെ വേഗം മുന്നോട്ടു നീങ്ങുകയാണ്. നേരം സന്ധ്യയാവുന്നു. ഇരുട്ടു വീണു തുടങ്ങിയ അന്തരീക്ഷം. അങ്ങ് ദൂരെ നിന്ന് ഒരു ശബ്ദം കേൾക്കാം. ഒരു വളവ് തിരിഞ്ഞ് അത് ഇങ്ങോട്ടു വരുന്നു. അത് ഒരു വാഹനമാണ്. ജിപ്സി. കുറച്ചകലെ അത് നിർത്തി. ഞങ്ങളുടെ കമാൻഡർ അതിൽ നിന്നും വെളിയിലിറങ്ങി. മുന്നോട്ടു നീങ്ങുവാനുള്ള ഉത്തരവ് പുറപ്പെടുവിച്ച ശേഷം അതേ വണ്ടിയിൽ കയറി അദ്ദേഹം തിരിച്ചു പോയി. ഞാനും എന്റെ കൂട്ടുകാരനും മുന്നോട്ടുനീങ്ങി. ഞങ്ങളുടെ നീക്കം അറിഞ്ഞിട്ടാണെന്നു തോന്നുന്നു, പാക് ഭടന്മാർക്കിടയിൽ നിന്നും വെടിയൊച്ച കേട്ടു തുടങ്ങി. പെട്ടെന്ന് എന്റെ പിന്നിൽ ഒരു ശബ്ദം കേട്ട് ഞാൻ തിരിഞ്ഞു നോക്കി. എന്റെ പ്രിയ കൂട്ടുകാരൻ താഴെക്കിടന്നു പിടയുന്നു. അവനു വെടിയേറ്റു. ഞാൻ അവന്റെ അടുത്തിരുന്നു. അവന്റെ കൈയ്യെടുത്ത്

പിടിച്ചു. അവൻ അവസാനമായി വിളിച്ചു. "ന്റെ, അമ്മേ!"

***

ഞാൻ ഞെട്ടിയുണർന്നു. എന്തോ ശബ്ദം കേട്ടതാണ്. ആരോ ലൈറ്റിട്ടു. ഛെ! അതൊരു സ്വപ്നമായിരുന്നു. ഇത് നെഹ്റു ഹൗസാണ്. എന്റെ കുറെ കൂട്ടുകാർ അവിടെ കൂട്ടംകൂടി നിൽക്കുന്നു. ഞാൻ അങ്ങോട്ടു ചെന്നു. എന്റെ ഒരു കൂട്ടുകാരൻ താഴെ കിടക്കുന്നു. അവനാണ് "ന്റെ, അമ്മേ!" എന്ന് അലറിയത്. ദൈവമേ! ഇവനെയാണല്ലോ ഞാൻ സ്വപ്നത്തിൽ കണ്ടത്. ഞാൻ അവനോടു ചോദിച്ചു. "എന്തു പറ്റിയെടാ?". അവൻ പറഞ്ഞു "ഒരു സ്വപ്നം കണ്ടു, ഞാനൊരു ക്യാച്ചെടുക്കുന്നതായിട്ട്. അതും റിക്കി പോണ്ടിങ്ങിന്റെ!" ഞാൻ മാറിനിന്ന് ചിരിച്ചു. സ്വപ്നങ്ങൾ തമ്മിലുള്ള ഒരു ക്ലാഷ്! നിങ്ങൾ ആരോടും പറയരുതേ... ഞാനും ഒരു സ്വപ്നം കണ്ടെന്ന്. പ്ലീസ്....

# ധിഷണാശാലികളെ എങ്ങനെ തിരിച്ചറിയാം?

കാചത്തിലൂടെ കടക്കുന്ന രശ്മികൾ ഒരു ബിന്ദുവിൽ വന്നു കൂടും. അതിനെ ഫോക്കൽ പോയിന്റ് എന്നുവിളിക്കുന്നു. ആ ബിന്ദുവിന് തിളക്കം കൂടും. ഇതുപോലെ ഏതു വിചാരത്തേയും ഏതു സംഭവത്തേയും ഒരു ഫോക്കൽ പോയിന്റിൽ കൊണ്ടുവന്ന് തിളക്കാനുള്ള കഴിവിനെയാണ് ബുദ്ധിശക്തി എന്നു പറയുന്നത്. അപ്പോൾ മറ്റാരും കാണാത്ത സത്യം അവർ കാണും.

സാഹിത്യവാരഫലം — എം. കൃഷ്ണൻ നായർ



NEW ENTRANTS



Nehru House - Cock House (Senior)



V K K M House - Cock House (Junior)










South Zone Team

# റാമ്പോ

അവിനാഷ് ജോസ്, 4089, VIII. B, അശോകാ ഹൗസ്

റാമ്പോ എന്ന് കേൾക്കുമ്പോൾ നിങ്ങൾക്കോർമ്മ വരുന്നത് ആ സിനിമയിലും ചെത്തിനടക്കുന്ന ഇംഗ്ലീഷ് സിനിമാ നടനായിരിക്കും. എന്നാൽ അവനല്ല ഇവൻ. തടിയനും മടിയനും മരമണ്ടനുമായ എന്റെ കൂട്ടുകാരനാണ്. ലോകമാസകലം പരക്കുന്ന നാറ്റം, ബ്രഷ് കണ്ടിട്ടില്ലാത്ത നല്ല സ്വർണ്ണപ്പല്ലുകൾ, പോളിഷിന്റെ മണം പോലും കേട്ടിട്ടില്ലാത്ത ഷൂസുകൾ, കാക്കികളർ ആയിത്തീർന്ന വെള്ള സോക്സ് എന്നിവയാണ് അവന്റെ സ്ഥിരവേഷം.

കഴിഞ്ഞ വർഷത്തോടെ അവൻ നന്നാകാൻ തുടങ്ങി. ഒരുദിവസം ഒരു പെരുമഴ വന്നു. മഴ വന്നപ്പോൾ റാമ്പോയുടെ കയ്യിൽ കുട ഇല്ലായിരുന്നു. കനത്ത ശരീരഭാരം കാരണം ഓടാനും കഴിഞ്ഞില്ല. മഴകൊണ്ട് ദേഹത്തെ ചെളിയെല്ലാം പോയപ്പോൾ അവൻ നിന്നിടത്ത് വെറുമൊരു എലുമ്പൻ കോലാപ്പി നിൽക്കുന്നു. പല്ലുതേക്കാൻ പ്രേരിപ്പിച്ചപ്പോൾ ഭാഗ്യം കൊണ്ട് അവൻ സമ്മതിച്ചു. ഞങ്ങൾ ഉത്സാഹിച്ചു പല്ലു തേപ്പിച്ചു. തേച്ചു വന്നപ്പോൾ പല്ലെല്ലാം ഒടിഞ്ഞു പോയി. അവന്റെ ആ ദയനീയാവസ്ഥ കണ്ട് പലരും വെപ്പുപല്ലുകൾ സ്പോൺസർ ചെയ്തു. ആ വെപ്പുപല്ലുകൾ കൊണ്ട് അവൻ ഇന്ന് ഒരു നവജീവിതം നയിക്കുന്നു.

> "മാനസതാപം കൊണ്ടു ബലവും ശരീരവും
> ജ്ഞാനവും ക്ഷയിച്ചുപോം വ്യാധിയും വർദ്ധിച്ചീടും."
>
> മഹാഭാരതം കിളിപ്പാട്ട് — എഴുത്തച്ഛൻ

# ഉറക്കത്തിന്റെ മഹാത്മ്യം

അഭിഷേക് ജോസ്
4088, VIII, C, അശോകാ ഹൗസ്



**ലോ**കത്തിലെ ഏറ്റവും സുന്ദരവും സുഖവും ആയ കാര്യമാണ് ഉറക്കം. ഒരാൾ ഒരു ദിവസം ശരാശരി 7 മണിക്കൂർ ഉറങ്ങണം. ഏറ്റവും കൂടുതൽ ഉറങ്ങുന്നയാൾ ഏറ്റവും സുന്ദരനാകും. എന്റെ പല കൂട്ടുകാരുടേയും പ്രധാന വിനോദമാണ് ഉറക്കം. ഉറക്കത്തിൽ സ്വപ്നം കാണുന്നത് ഒരു നല്ല കാര്യമാണ്. പക്ഷേ ഉറക്കത്തിൽ മൂത്രമൊഴിക്കുന്നത് അത്ര നല്ല കാര്യമല്ല. ഞാൻ ഉറക്കത്തിന്റെ ഒരു ആരാധകനാണ്. അതുകൊണ്ട് ഇനിമുതൽ എല്ലാവരും നന്നായി ഉറങ്ങുമെന്ന് വിചാരിക്കുന്നു. എല്ലാവർക്കും സുഖനിദ്ര നേർന്നുകൊണ്ട് ഞാൻ ചുരുക്കുന്നു.

"ഇരുട്ടിനെ പഴിക്കുന്നതിനേക്കാൾ നല്ലത് ഒരു മെഴുകുതിരിയെങ്കിലും കത്തിക്കുകയാണ്."

ചൈനീസ് പഴമൊഴി

# മോഹിനിയാട്ടത്തിന്റെ ഉൽപത്തിയും ചരിത്രവും

ജിനു. പി.എ.
4250, X. C, രാജാജി



